# അഗാപെ കൈയ്യെഴുത്തു മാസിക




VOLULE - XII

www.agapemagazine.com

follow us:

+971 50 3243161 Gmail agape.magasine@gmail.com http://www.facebook.com/pages/Agape-Magasine

# CONTENTS


1. EDITORIAL
2. ARTICLE – HEARING GOD'S WORDS
3. ACTS OF THE APOSTLES – A STUDY
4. BIBLE HISTORY
5. ARTICLE – GOD'S PROMISES
6. OLD SONG
7. QUIZ


COVER PAGE DESIGN BY JUDIT ABUDHABI


## മുഖവുര

ബോൺസായ് എന്നതിന്റെ ഉത്ഭവം ചൈനയിൽ നിന്നോ ജപ്പാ ആണ്. വലിയ വീടുകൾ അലങ്കരിക്കുന്നതിൽ ഇപ്പോൾ ഈ 'ബോൺസായ്' ചെടികൾ മുഖ്യ പങ്കു വഹിക്കുന്നു. തീരെ വലിപ്പം കുറവാണെങ്കിലും വർഷങ്ങളുടെ പരിചരണം ഇതിനാവശ്യമുണ്ടാകും. 10 ഉം 30 വർഷത്തെ പരിചരണത്തിൽ വളർന്നാലും ഒരു ചെടി മാത്രം. ഇതിനെ വളർത്തുന്നവർക്കും ഇതിന്റെ ചെടിക്കുമിടയിൽ ബന്ധത്തിൽ ഗാഢമായ സ്നേഹം. എന്നാൽ വളരെ ചെറുതായ ഇക്കൂട്ടർ അധിക സമയം കാറ്റും വെളിച്ചവും കൊള്ളാതിരിക്കുകയോ കൊള്ളുകയോ ചെയ്താൽ നശിച്ചു പോകാൻ സാധ്യത വളരെ കൂടുതലാണ്. ഇതിന്റെയും വ്യാപാരികൾ ഇറക്കുന്നുണ്ട്. ചൈനയിൽ നിന്നാണല്ലോ ഉത്ഭവം. ഇംഗ്ലണ്ടിലെ വിൽക്കുന്നുണ്ട്.

എന്നാൽ ആത്മീയ ലോകത്തിലേക്കു നോക്കിയാൽ അവിടെയും കാണാം ഇത്തരത്തിലുള്ള 'ബോൺസായ്' ചെടികൾ. അനേകം വർഷത്തെ പാരമ്പര്യവും പറഞ്ഞ് വളർന്നിട്ടും മാത്രം ഒരു ചെടിയും പുറപ്പെടുവിച്ചിരിക്കുന്നവർ. ദീർഘകാലത്തെ പരിചരണവും അനുഗ്രഹവും ഒക്കെ കിട്ടിയതാണ്. ഇക്കൂട്ടർ അധികം ബുദ്ധിമാന്മാരായി ദൈവത്തെയും ചിന്തിക്കാതെ സാത്താനെയും ചിന്തിക്കാതെ ഒരു അറിവ് ഉണ്ടെങ്കിലും അതും അല്ലെങ്കിലും ഇല്ലാതെ ബുദ്ധിമായി ജീവിക്കുന്നതിന് വേണ്ടി അനുഭവമില്ലാ, ഉത്തരവാദിത്വമില്ലാ ചത്തുകിടക്കുന്നവരാണ്.

ഈ ചിലർ സ്വഭാവികമായും അറിയാതെ ഒരു 'ബോൺസായ്' ആകുന്ന ചിലർ വ്യക്തിത്വത്തെയാണ് ഇതിലൂടെ. ചിലരുടെ വ്യക്തിത്വം വീടുകളിൽ മാത്രം ഒരു അലങ്കാരമായി ഒതുങ്ങിക്കൂടി. അത് പുറത്തേക്ക് ചെടി കാണുന്നത്. എന്നാൽ ഇക്കൂട്ടരിൽ ചിലരെ പരിപാലിക്കുന്നവർ തന്നെ വെട്ടി 'ബോൺസായ്' ആക്കിയിരിക്കും. വഴിയിൽ വിട്ടില്ല ഇട്ട്. ഈ ലേഖനം സ്വന്തമായി ചെയ്യുവാൻ പാടില്ല. ഇപ്പോൾ ഓർക്കുന്നത്

സുവിശേഷം വിരോധിക്കുന്നു. എന്നാലെയോ സ്വാർത്ഥർ നിരന്തരം വെട്ടി
ചീകി മിനുക്കി സ്വീകരണ മുറിയിലെ കാഴ്ച വസ്തുവാക്കി മാറ്റിയിരിക്കും.
എന്നാൽ സകല ലോകത്തിന്റെയും പാപത്തിന്റെയും പേറി ക്രൂശിൽ പിടഞ്ഞു
മരി[ച്ച] ഉത്തമ നായകനായ യേശുവിന്റെ സ്നേഹം ഹൃദയത്തിൽ വഹിക്കുന്നവർ
ഒരിക്കലും ഒരു 'ബോൺസായ്' ചെടിയാകാൻ നിന്നു കൊടുക്കില്ല.
ക്രൂശിന്റെ ദർശനമുള്ളവർ, മിസ്രയീമിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിന്റെ
നിന്ദ വലിയ ധനം എന്നെണ്ണുന്നവരായിരിക്കും.


അഗാപെ കൈയ്യെഴുത്തു മാസിക
ARTICLE
HEARING GOD'S WORDS
www.agapemagazine.com

# അഗാപെ കൈയ്യെഴുത്തു മാസിക

## ദൈവശബ്ദം കേൾക്കുക : ലേഖനം

ദൈവത്തിൽ നിന്നും കേൾക്കുക, സകലരും ആഗ്രഹിക്കുന്ന ഒരു കാര്യമാണ്. കർത്താവേ നീ എന്നോട് സംസാരിക്കേണമെ എന്നൊക്കെ നാം പ്രാർത്ഥിക്കാറുണ്ട്. എന്നാൽ നാം പലപ്പോഴും ദൈവിക ശബ്ദം തിരിച്ചറിയാതെ പോകുന്നു. ഇതിന്റെ പ്രധാന കാരണം നാം ദൈവ സന്നിധിയിൽ സമയം ചിലവഴിക്കുന്നില്ല എന്നുള്ളതാണ്. നമ്മൾ സമയം വിനിയോഗിച്ചാലും എപ്പോഴും നമ്മൾ തിരക്കോടു ഓടിക്കൊണ്ടിരിക്കുന്നതിനാൽ ദൈവം പറയുന്നത് കേൾക്കുവാൻ സാധിക്കില്ല. പ്രാർത്ഥനയിൽ നാം സമയം ചിലവഴിക്കുന്നതിലും അധികം ദൈവത്തിൽ നിന്ന് കേൾക്കുവാൻ കഴിയണം. ഏറ്റവും അധികമായി ദൈവം നമ്മോട് സംസാരിക്കുന്നത് വചന ധ്യാനത്തിലൂടെയാണ്. വചനം പഠിക്കുവാൻ തുടങ്ങുമ്പോൾ പരിശുദ്ധാത്മാവ് ഒരു ഗുരുവായി നമുക്ക് സകലതും മനസ്സിലാക്കിത്തരും. തിരുവചനത്തിന്റെ ഓരോ ഭാഗത്തു നിന്നും ദൈവത്തിന് നമ്മോട് സംസാരിക്കുവാനാകും. തിരുവചനത്തിലൂടെ സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ തന്നെ നമ്മോടു നേരിട്ടും കർത്താവ് സംസാരിക്കും. എന്നാൽ അതു കേൾക്കണമെങ്കിൽ ദൈവത്തിന്റെ ഭാഷ നാം പഠിക്കണം. ചില സമയങ്ങളിൽ ജീവിതത്തിൽ പ്രതിസന്ധി തന്നു കൊണ്ടാണ് നമ്മോട് സംസാരിക്കുന്നത്. അങ്ങനെങ്കിൽ ജീവിതം ഒരു അർത്ഥവും ലക്ഷ്യവും ഇല്ലാതെ വെറുതെ ശൂന്യമായിരിക്കുമ്പോഴായിരിക്കും. എന്ത് തന്നെയായാലും ദൈവത്തോട് ചോദിക്കണം, കർത്താവേ നിനക്ക് ഇതിൽ നിന്നും എന്നോട് എന്താണ് സംസാരിക്കുവാനുള്ളത്.

മനുഷ്യ സൃഷ്ടി മുതൽ ദൈവം മനുഷ്യരോട് സംസാരിച്ചു കൊണ്ടേയിരിക്കുന്നു. അനാദികാലം മുതൽ ദൈവത്തിന്റെ മനസ്സിലുള്ള കാര്യം മനുഷ്യരോടൊത്ത് വസിക്കുക എന്നുള്ളതാണ്.

ആദാമിനെ സൃഷ്ടിച്ചതുമുതൽ ലോകത്തിന്റെ ന്യായവിധിക്കുശേഷം സ്വർഗ്ഗത്തിൽ നിന്ന് പുതിയ യെരുശലേം താഴോട്ട് ഇറങ്ങുമ്പോൾ വരെ നാം തിരുവചനത്തിൽ കൂടി കേൾക്കുന്ന ഒരു ശബ്ദമാണ് "ഇതാ മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം" എന്ന ശബ്ദത്തെയാണ് നാം ജീവിതത്തിൽ കേൾക്കുവാൻ ശ്രമിക്കേണ്ടത്.

ആദാം പാപം ചെയ്ത് അകന്നു പോകുന്നതു വരെയും പിന്നെ വൈകുന്നേരങ്ങളിലും അവനോടൊത്ത് നടക്കുവാൻ ഇറങ്ങിവരുന്ന ദൈവം. അതിനുശേഷം ഹാനോക്കിന്റെ കൈപിടിച്ച് 300 സംവത്സരം നടന്ന ദൈവം. നോഹയുടെ തലമുറയിൽ മറ്റുള്ളവരെല്ലാം വഷളത്വം പ്രവർത്തിച്ച് നടന്നപ്പോൾ ദൈവിക ശബ്ദത്തിന് അനുസരണം കാണിച്ച് നോഹയെ തന്റെ കുടുംബങ്ങളോടൊപ്പം രക്ഷിച്ച ദൈവം. ഒരു പ്രത്യേക ജാതിയെ സ്വന്ത അവകാശമാക്കുന്നതിന് അബ്രാഹാമിനെ തിരഞ്ഞെടുത്ത് അവനോട് നിരന്തരം സംസാരിച്ച ദൈവം.

ഇവരൊക്കെയും വിശ്വാസത്താൽ അദൃശ്യ ദൈവത്തെ കണ്ടതു പോലെ ഉറച്ചുനിന്നവരാണ്. ദൈവ ശബ്ദം കേൾക്കുക മാത്രമല്ല അതിനെ അനുകൂലമായി പ്രതികരിക്കുവാൻ ഒരു അനുസരണ മനോഭാവം ഉള്ളവരായിരുന്നു. ഇന്ന് നാം ശബ്ദം കേൾക്കുന്നുവെന്ന അഭിനയം മാത്രമേയുള്ളൂ. അതിനെ അനുസരണത്തോടു കൂടിയ ചുവടു വയ്ക്കുവാൻ നാം തയ്യാറാകുന്നില്ല. അതു കൊണ്ട് ഏലി പുരോഹിതന്റെ കാലത്തെ പോലെ ദൈവശബ്ദം ദുർല്ലഭമായിരിക്കുന്നു. അനുസരിക്കാതിരിക്കുവാനുള്ള കാരണം നാം പറയുന്നത് കാലത്തിനൊത്ത് മാറേണ്ടേ എന്ന് ചോദിച്ചാണ്.

കാലം പുരോഗമിക്കുന്നതിനനുസരിച്ച് നമ്മുടെ വിശ്വാസത്തിനും പ്രത്യാശക്കും ഭംഗം വന്നേക്കാം, എന്നാൽ നാം അവിശ്വസ്തരായി പാർത്താലും വിശ്വസ്തനായി പാർക്കുന്നവനാണ് ദൈവം, കാരണം അവന്റെ

സ്വഭാവം ത്യജിപ്പാൻ അവനു സാധ്യമല്ല. അവൻ ഇന്നലെയും ഇന്നും എന്നേക്കും ദൈവമാണ്.

ലോകത്തെ നിദ്രയിലേക്ക് കയറിയാൻ ദൈവ ശബ്ദം കേൾക്കുവാൻ ചെവിയില്ലെന്നു മാത്രമല്ല, ദൈവം നമ്മുടെ ഉള്ളിൽ വസിക്കുകയുമില്ല. മിശിഹായുടെ ഉത്ഥാനത്തോട് കൂടെ മരണത്തിൽ നിന്നു ഉയിർത്തെഴുന്നേറ്റ സവിശേഷ ജാതിയുടെ അനുഭവം നമുക്കുണ്ടാകും.

സവിശേഷ ജാതി ദുരാഗ്രഹികളായിരുന്നതുകൊണ്ട്, കഷ്ടതയിലൂടെയും പ്രയാസങ്ങളിലൂടെയും സഞ്ചരിക്കുന്ന ദൈവിക ഭാഷയുടെ മുമ്പിൽ പിടിച്ചു നിൽക്കുവാൻ സാധിക്കാതെയാകുന്നു.

എന്നാൽ നാം അനുസരിക്കുവാൻ തയ്യാറാകുമ്പോൾ ആദ്യത്തിൽ ദൈവം എന്നോട് ഇത് സംസാരിച്ചു എന്നു പറയുമ്പോൾ ലോകം നമ്മോട് പറയും ഇത് ദർശിക്കില്ലും സാധിക്കില്ല. ഈ കാലത്തു ദൈവം ആരോടെങ്കിലും സംസാരിക്കുമോ എന്ന്. എന്നാൽ ആരൊക്കെ നിരുത്സാഹപ്പെടുത്തിയാലും പിന്നോട്ട് പോകാതെ ഉറച്ചു നിന്നാൽ ഞാൻ സ്വർഗ്ഗീയ ദർശനത്തിന് അനുസരണക്കേട് കാണിച്ചില്ല എന്ന് നാം പറയും.

എന്നാൽ ഒരു മറുവശം കൂടിയുണ്ട്. നിർബന്ധമായി ദൈവത്തിൽ-നിന്ന് കേട്ട് അനുസരണം ചെയ്തിട്ട് പരീക്ഷിക്കുന്നവരാകരുത്.


“ഇന്നു നിങ്ങൾ അവന്റെ ശബ്ദം കേൾക്കുന്നുവെങ്കിൽ മരുഭൂമിയിൽ വെച്ചു പരീക്ഷാദിവസത്തിലെ മത്സരത്തിൽ എന്നപോലെ നിങ്ങളുടെ ഹൃദയം കഠിനമാക്കരുത്. അവിടെ വെച്ചു നിങ്ങളുടെ പിതാക്കന്മാർ എന്നെ പരീക്ഷിച്ചു നാല്പതു ആണ്ടു എന്റെ പ്രവൃത്തികളെ കണ്ടിട്ടും എന്നെ ശോധന ചെയ്തു. അതുകൊണ്ടു എനിക്കു ആ തലമുറയോടു നീരസം ഉണ്ടായി. അവർ എപ്പോഴും തെറ്റിപ്പോകുന്ന ഹൃദയമുള്ളവർ എന്നും എന്റെ വഴികളെ അറിയാത്തവർ എന്നും ഞാൻ പറഞ്ഞു. അവർ എന്റെ സ്വസ്ഥതയിൽ പ്രവേശിക്കയില്ല എന്നു ഞാൻ എന്റെ

ലോകത്തിൽ ശ്രദ്ധ വെച്ച് ഈ ദൈവിക ശബ്ദം കേട്ടിട്ട് മറുതലിച്ച് നിന്നാൽ നമുക്ക് അവന്റെ സ്വസ്ഥതയിൽ പ്രവേശിക്കുവാൻ സാധിക്കയില്ല.

എന്നാൽ നാം നിരന്തരമായി ദൈവിക ശബ്ദം ശ്രവിച്ച്, അനുസരിച്ച് ദൈവത്തോട് ഒത്ത് നടക്കുമ്പോൾ ദൈവം അബ്രാഹാമിനോട് പറഞ്ഞതുപോലെ നമ്മോടും പറയും "ഞാൻ ചെയ്യാൻ പോകുന്നത് എന്റെ സ്നേഹിതനായ അബ്രാഹാമിനോട് ഞാൻ മറച്ചുവെക്കുമോ." നിരന്തരമായ സമ്പർക്കത്തിലൂടെ സംസാരത്തിലൂടെ സ്നേഹത്തിലൂടെ നാം ദൈവത്തിന്റെ സ്നേഹിതന്മാരായി തീരുകയാണ്.

യേശു കർത്താവും തന്റെ ശിഷ്യന്മാരോട് പറയുന്നു "യജമാനൻ ചെയ്യുന്നത് ദാസൻ അറിയായ്കകൊണ്ട് ഞാൻ നിങ്ങളെ ദാസന്മാർ എന്നു ഇനിമേൽ പറയുന്നില്ല. ഞാൻ എന്റെ പിതാവിനോട് കേട്ടത് എല്ലാം നിങ്ങളോട് അറിയിച്ചതുകൊണ്ട് നിങ്ങളെ സ്നേഹിതന്മാർ എന്നു പറഞ്ഞിരിക്കുന്നു" [യോഹന്നാൻ 15:15]

നമുക്കും കർത്താവിനോട് ഒരു കാര്യം പറയാം, ഈ കാലത്തിൽ നിന്നിൽ നിന്നും കേൾക്കുവാൻ എന്നെ തിരഞ്ഞെടുക്കണമേ. ഈ കാലഘട്ടത്തിലെ നിന്റെ ശബ്ദമായിരിക്കുവാൻ, എന്നെ ഞാൻ സമർപ്പിക്കുന്നു. ലോകമെമ്പാടും വിശ്വാസം ചോരുമ്പോൾ, നോഹയുടെയും ലോത്തിന്റെയും കാലത്തെപോലെ അന്യദൈവം മോഹിച്ചു നടക്കുമ്പോൾ, ഒരു ശമുവേൽ ബാലനായി ഞാൻ എന്നെ സമർപ്പിക്കുന്നു.
"യഹോവേ അരുളിച്ചെയ്യണമേ അടിയൻ കേൾക്കുന്നു"



അഗാപെ കൈയ്യെഴുത്തു മാസിക
ACTS OF THE APOSTLES-A STUDY
www.agapemagazine.com

അഗാപ്പെ പ്രവൃത്തികൾ ഒരു പഠനം.

ദൈവനാമത്തിന് സ്തോത്രം. അഗാപ്പെ പ്രവൃത്തികളുടെ പൂർണ്ണത കഴിഞ്ഞ കുറെ ലക്കങ്ങളിലായി ചിന്തിക്കുവാൻ പരിശുദ്ധാത്മാവ് നൽകിയ കൃപയ്ക്കായ് നന്ദി പറയുന്നു.

ഇപ്പോൾ നമ്മൾ ചിന്തിക്കുന്നതും പഠിക്കുന്നതുമായ കാര്യങ്ങൾ ഒരു പക്ഷെ ഇനിയൊരിക്കലും നമുക്കു കിട്ടിയില്ലെന്നു വരാം. യേശു കർത്താവിന്റെ വരവ് അത്രത്തോളം ആസന്നമായിരിക്കുന്നു. നമ്മൾ ദൈവവചനം കേട്ടും, പഠിച്ചും യേശുകർത്താവിന്റെ മടങ്ങിവരവിനെക്കുറിച്ചും വരുവാനുള്ള നിത്യരാജ്യത്തെക്കുറിച്ചും പലയാവർത്തി അറിഞ്ഞവരാണ്. എന്നാൽ യേശു കർത്താവിന്റെ രണ്ടാം വരവിനെ പറ്റിയോ കൃത്യ സമയത്തെ പറ്റിയോ കേൾക്കാത്ത അനേകായിരങ്ങൾ ഈ ഭൂമിയിലുണ്ട്. അപ്പോൾ നമുക്കു കിട്ടുന്ന ഈ അനുഗ്രഹങ്ങൾക്ക് ദൈവത്തോട് നന്ദിയുള്ളവരായിരിക്കാം.

ക്രിസ്തുവിനെ പോലെ സൗമ്യവും നിർമ്മലതയുമുള്ള ഒരു മണവാട്ടിയെ അണിയിച്ചൊരുക്കുക എന്നുള്ളതാണ് പരിശുദ്ധാത്മാവ് ചെയ്തു കൊണ്ടിരിക്കുന്നത്. വർഷങ്ങൾക്കു മുമ്പ് അമേരിക്കയിലും മറ്റും വിശുദ്ധമായി ജീവിക്കുന്നവരുടെ വാഹനങ്ങളുടെ പുറകിൽ ഇങ്ങനെ എഴുതി വെക്കുമായിരുന്നു എന്നു കേട്ടിട്ടുണ്ട്. "ഈ വാഹനത്തിന്റെ ഡ്രൈവർ ഏതു സമയത്തും അപ്രത്യക്ഷമാകുവാൻ സാധ്യതയുണ്ട്. അതു കൊണ്ട് പുറകിൽ വരുന്ന വാഹനങ്ങൾ ശ്രദ്ധിക്കുക." കാരണം ഏതു സമയത്തും ഉൽപ്രാപണമോ മരണമോ യേശുവിന്റെ കാഹളത്തിന്റെ ധ്വനി കേൾക്കും അപ്പോൾ നമ്മുടെ ഈ താഴ്ചയുള്ള ശരീരത്തെ അവന്റെ മഹത്വമുള്ള ശരീരത്തോടു അനുരൂപപ്പെടുത്തി രൂപാന്തരപ്പെടുത്തും. അത്രത്തോളം ആത്മാർത്ഥതയുള്ള, പ്രത്യാശയുള്ള ഒരു തലമുറ നമുക്കുണ്ടായിരുന്നു. ഇന്നു അതൊക്കെയും ദൈവജനം മറന്നിരിക്കുന്നു എന്നു പറയുന്നതിലും ഉചിതമായ വാക്ക് ബുദ്ധിമോശം

വന്നു പോന്നു പറയുന്നതാണ്. അപ്പസ്തോലന്മാരുടെ അഭിപ്രായം കൊണ്ട്
ഇന്നിപ്പോഴും നമുക്ക് ദൈവത്തെ ആരാധിക്കേണ്ടി വരുന്നില്ല. പിശാചിന്റെ
പണം കൊണ്ട് നേടാം, പിന്നെ എന്ത് കാര്യമുള്ളത്. എന്ത് യേശുവിന്റെ
മടങ്ങി വരവ്, പാട്ട് പാടുവാനോ, ആരാധന സമയത്ത് ഭക്തി കൊടുക്കാം.
അങ്ങനെ ഒന്നൊന്നും പള്ളി സമയത്തും പ്രസംഗത്തിൽ വരുത്തുവാനൊന്നും
പറ്റും. പുതിയ തലമുറ ചിന്തകളിൽ പറയും ഇതൊക്കെ
out of fashion ആണെന്ന്.

പ്രിയപ്പെട്ടവരെ നമ്മുടെ പിതാക്കന്മാർ അനുഭവിച്ചതായ യേശുവി
ലായിരിക്കട്ടെ. അവന്റെ മടങ്ങിവരവു ആയിരിക്കട്ടെ.

കഴിഞ്ഞ പ്രാവശ്യം നമ്മൾ ചിന്തിച്ചു നിർത്തിയത് പ്രവർത്തന
യിൽ ഇരിക്കുന്ന ശിഷ്യന്മാരെയും സഹോദരി സഹോദരന്മാരെയും കുറിച്ചാണ്.
ഇന്ന് നമ്മൾ ചിന്തിക്കുന്നത് 15 മുതൽ 20 വരെ വാക്യങ്ങളാണ്.
യേശു കർത്താവിന്റെ സ്വർഗ്ഗാരോഹണ ശേഷം എല്ലാവരും ആ മാളികമുറിയി-
ൽ ഒരു കാത്തിരുപ്പ് യോഗം നടക്കുകയാണ്. പാട്ടും പ്രാർത്ഥനയും പ്രസംഗവും.
കർത്താവ് അവരോടൊപ്പം ആയിരുന്നപ്പോൾ പറഞ്ഞതും പഠിപ്പിച്ചതുമായ
കാര്യങ്ങളെ വിശകലനം ചെയ്ത് പഠിച്ചും, അതിനെ കുറിച്ചു തിരുവെഴുത്തിൽ
പിന്നെയും പറഞ്ഞിരിക്കുന്നു എന്നതൊക്കെ സൂക്ഷ്മമായി ശ്രദ്ധിച്ചും ഇങ്ങനെ
യോഗം നടക്കുമ്പോൾ സ്വാഭാവികമായും പത്രോസ് ആണ് നേതൃത്വം
വഹിക്കുന്നതെന്ന് പറയാം. അങ്ങനെയൊരു ദിവസം 120 പേരോളം കൂടിയിരി
ക്കുമ്പോൾ പത്രോസ് അവരുടെ മദ്ധ്യേ എഴുന്നേറ്റു യേശുവിന്റെ ശിഷ്യന്മാരിൽ
ഒരുവനായ യൂദായെ കുറിച്ച് സംസാരിച്ചു. അവൻ നമ്മുടെ കർത്താവിനോട്
പിന്നീട് ചെയ്തതും. അവന്റെ അവസാനം എങ്ങനെയായിരുന്നു
എന്നും ഈ വാക്യങ്ങളിലൂടെ നമുക്കു കാണുവാൻ കഴിയും. തുടക്കം മുതലേ
തെറ്റു ചെയ്ത പോന്നവനായിരുന്നു യൂദാ. പണ സഞ്ചി അവന്റെ —

കൈകളിലായിരുന്നു. ഒരു ദുരാഗ്രഹിയായി യേശുവിനെക്കാൾ അധികം പണത്തെ സ്നേഹിച്ചാൽ, ഈ ലോകത്തെ സ്നേഹിച്ചാൽ പിന്നീടാകും ഗതി എന്ത് യൂദാ നമുക്ക് കാട്ടിത്തരുന്നു. എന്നും ദൈവവചനം കേട്ടുകൊണ്ടും, ഈശോ ആരാധനയിലും കൂടെയായ ചങ്ങാത്തം കൊണ്ട് ദൈവത്തെ തിരിച്ചറിയാനായില്ല. യേശു തന്നെ പറഞ്ഞു എന്നെ സ്നേഹിക്കുന്നവൻ എന്റെ കല്പനകളെ പാലിക്കും.

സ്നേഹിതരെ ലോകത്തിലെ എല്ലാ സുഖങ്ങളേക്കാളും ഉപരിയായി യേശുവിനെ സ്നേഹിക്കുന്നവരായിത്തീരാം. അല്ലെങ്കിൽ ലോകത്തെ സ്നേഹിച്ച് സ്നേഹിച്ച് സകലവിധമായ പാപവും ചെയ്ത് ഒരിക്കലും തിരിച്ചു കയറാൻ പറ്റാത്ത അഗാധതയിലേക്ക് നാം വീണുപോകും. യൂദായ്ക്ക് പറ്റിയതു പോലെ പിന്നത്തേതിൽ മാനസാന്തരപ്പെടുവാൻ പോലും സമയം കിട്ടാതെ നാം നശിച്ചു പോകും.

ശ്രീ ജെറമിയാ പ്രവാചകന്റെ പുസ്തകത്തിൽ (13:16) ഇങ്ങനെ കാണുന്നു. "ഇരുട്ടാകുന്നതിനു നിങ്ങളുടെ കാൽ അന്ധകാര പർവ്വതങ്ങളിൽ ഇടറി വീഴുന്നതിനു മുമ്പേ നിങ്ങളുടെ ദൈവമായ യഹോവയ്ക്കു ബഹുമാനം കൊടുപ്പിൻ. അല്ലെങ്കിൽ നിങ്ങൾ പ്രകാശത്തിനു കാത്തിരിക്കെ അവൻ അന്ധതമസ്സും കൂരിരുട്ടും വരുത്തും."

ഇസഹാക്കിന്റെ പുത്രനായ ഏശാവിനും ഇതുപോലെ അബദ്ധം പറ്റിയതായി തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നു (ഹെബ്രായർ 12:16-17) "ഒരു ഊണിനു ജ്യേഷ്ഠാവകാശം വിറ്റുകളഞ്ഞ ഏശാവിനെപ്പോലെ അഭക്തനോ ആയിത്തീരുകയും ചെയ്യാതിരിപ്പാൻ കരുതിക്കൊള്ളുവിൻ. അവൻ പിന്നത്തേതിൽ അനുഗ്രഹം ലഭിപ്പാൻ ആഗ്രഹിച്ചു കണ്ണുനീരോടെ അപേക്ഷിച്ചിട്ടും തള്ളപ്പെട്ടു, മാനസാന്തരത്തിനു ഇടം കണ്ടില്ല എന്നു നിങ്ങൾ അറിയുന്നുവല്ലോ?"


നാളെ മാനസാന്തരപ്പെടാം എന്നും ഇന്നു കൂടി ഞാൻ ഈ ലോകത്തിന്റെ സുഖം അനുഭവിക്കട്ടെ എന്നും ഇന്നു കൂടി ഞാൻ ഉറങ്ങട്ടെ, നാളെ മുതൽ ഞാൻ എഴുന്നേറ്റു പ്രാർത്ഥിച്ചു വചനം ധ്യാനിച്ചു കൊള്ളാം എന്നൊക്കെ ആണ് നാം എന്നും പറയുന്നത്. എന്നാൽ നിങ്ങൾ പിശാചിന് അവസരം കൊടുക്കുന്ന കാലമത്രയും നിങ്ങൾക്ക് പാപത്തിൽ നിന്ന് മോചനമില്ല.

പ്രിയ സുഹൃത്തുക്കളെ നിങ്ങളുടെ ഹൃദയത്തിൽ യേശുവിനെ കർത്താവായി സ്വീകരിക്കുവിൻ.

സകല മേഖലയിലും കരുതലോടെ നടത്തുവാൻ യേശുവിന് നമ്മുടെ ജീവിതത്തെ സമർപ്പിക്കാം. കാരണം പത്രോസ് വ്യക്തമാക്കുന്നു. (1 പത്രോസ് 2:24) "നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിന് അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നു കൊണ്ട് ക്രൂശിന്മേൽ കയറി."

ആർക്കും ഒരിക്കലും രക്ഷപ്പെടാൻ കഴിയാത്ത ഘോരമായ നരകത്തിലേക്ക് എറിയപ്പെടുമ്പോൾ യേശു കർത്താവ് ഭൂമിയിലേക്ക് ഇറങ്ങി വന്ന് നമ്മുടെ എല്ലാം പാപങ്ങളെ ചുമന്നു കൊണ്ട് ക്രൂശിന്മേൽ കയറി. ഈ ഒരു കാരണം കൊണ്ടാണ് നാം അവനെ സ്നേഹിക്കേണ്ടത്. ഈ യേശുവിനായി പ്രത്യാശയോടെ കാത്തിരിക്കാം. യൂദാ ഒരു ദൃഷ്ടാന്തമായി നമ്മുടെ മുമ്പിൽ ഇരിക്കട്ടെ. യേശുവിന്റെ സ്നേഹം കൈക്കൊണ്ടും ദൂരത്തായി ഇരുന്നിട്ടും അവനെ നിരസിച്ച് ലോകത്തിലേക്ക് ഇറങ്ങിപ്പോയ യൂദാ ഒരു സന്ദേശമായി ഇരിക്കട്ടെ. അല്ലേ, അവൻ ഇനി കാത്തിരിക്കുന്നെങ്കിൽ :··

നാം ഈ ആയുസ്സിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വെച്ചിരിക്കുന്നു എങ്കിൽ സകല മനുഷ്യരിലും അരിഷ്ടന്മാരത്രേ. [1 കൊരിന്ത്യർ 15:19]


അഗാപെ കൈയ്യെഴുത്തു മാസിക
BIBLE HISTORY
www.agapemagazine.com

കഴിഞ്ഞ ലക്കത്തിൽ നിന്ന് തുടർച്ച.

## വേദപുസ്തക ചരിത്രം.

3. ബൈബിൾ കൂട്ടിച്ചേർക്കപ്പെട്ട വിധം:-

a. പഴയനിയമം: ജോസീഫസ് എ.ഡി. ഒന്നാം നൂറ്റാണ്ടിൽ യെഹൂദ ചരിത്രകാരനായി രേഖപ്പെടുത്തുമ്പോൾ, പഴയ നിയമത്തിന്റെ കൂട്ടിച്ചേർക്കൽ നടത്തിയത് എസ്രാ ശാസ്ത്രിയാണെന്നു പറഞ്ഞിരിക്കുന്നു. ദൈവാലയത്തിലും രാജകീയ ഗ്രന്ഥങ്ങളിലും സിനഗോഗുകളിലും സൂക്ഷിച്ചിരിക്കുന്ന കയ്യെഴുത്തു പ്രതികളായിരുന്നു അവ എന്നു താൻ പറയുന്നു.


പുരാതന കയ്യെഴുത്തു പ്രതികളിൽ സീനായിറ്റിക്, അലക്സാന്ത്രിയ എന്നീ പേരുകളിൽ അറിയപ്പെടുന്നവ ബ്രിട്ടീഷ് മ്യൂസിയത്തിലും, മറ്റൊന്ന് വത്തിക്കാനിലും സൂക്ഷിച്ചിരിക്കുന്നു. ചാവുകടൽ ചുരുളുകളുമായി അവയ്ക്ക് യാതൊരു വ്യത്യാസവും ഇല്ല.

b. പുതിയ നിയമം: അപ്പോസ്തലന്മാർ എഴുതിയ ലേഖനങ്ങളും സുവിശേഷങ്ങളും ആദിമ സഭകൾ പരസ്പരം കൈമാറിയും കയ്യെഴുത്തു പ്രതികൾ കൂടുതൽ എടുത്തും പ്രചരിപ്പിച്ചുപോന്നു. അവയിൽ പലതും പിന്നീട് കണ്ടു കിട്ടിയിട്ടുണ്ട്. അവയ്ക്കു ഇന്നു നാം ഉപയോഗിക്കുന്ന പുതിയ നിയമവുമായി വ്യത്യാസമൊന്നുമില്ല.

4. ചാവുകടൽ ചുരുൾ:-

1947, 48 വർഷങ്ങളിൽ യിസ്രായേലിലെ ചാവുകടൽ തീരത്തുള്ള മലമ്പ്രദേശങ്ങളിലെ 'കുമ്രാൻ' എന്ന സ്ഥലത്തെ പതിനൊന്നു ഗുഹകളിൽ നിന്നായി പഴയനിയമം മുഴുവനായും ലഭിച്ചു. എബ്രായഭാഷയിൽ തുകലിൽ എഴുതി ചുരുളുകളായി സൂക്ഷിച്ചിരുന്നവയായിരുന്നു അവ. ഓരോന്നും പുസ്തകങ്ങളുടെ പ്രിന്റ് നമ്പറുമായും ഒത്തുനോക്കിയിട്ടുണ്ട്. ബി.സി 60 കാലഘട്ടത്തിൽ യെഹൂദന്മാരെ നശിപ്പിച്ചപ്പോൾ മലമ്പ്രദേശത്തിലെ ഗുഹകളിൽ അവർ സൂക്ഷിച്ചു വച്ചിരുന്ന അവ, ചാവുകടൽ ചുരുളുകൾ എന്ന പേരിൽ അറിയപ്പെടുന്നു.

[തുടരും]


അഗാപെ കൈയ്യെഴുത്തു മാസിക
GOD'S PROMISES
www.agapemagazine.com

ദൈവത്തിന്റെ വാഗ്ദാനങ്ങൾ.

യേശു ക്രിസ്തുവിന്റെ സുവിശേഷവും ദൈവ വചനവും നമ്മുടെ രക്ഷക്കായുള്ളതാണ്. നിത്യ ജീവൻ പ്രദാനം ചെയ്യുന്നതാണ്. നാം എല്ലാം ക്രിസ്തു എന്ന ശരീരത്തിന്റെ അവയവങ്ങളാണല്ലോ. ഇതാ ശരീരഭാഗത്തെ പറ്റിയ ചില വാഗ്ദാനങ്ങൾ.

മുടി:- നിങ്ങളുടെ തലയിലെ രോമം ഒക്കെയും എണ്ണപ്പെട്ടിരിക്കുന്നു. [മത്തായി 10:30]. നിങ്ങളുടെ തലയിലെ ഒരു രോമം പോലും നശിച്ചു പോകയില്ലതാനും [ലൂക്കോസ് 21:18]

കണ്ണ്:- ശരീരത്തിന്റെ വിളക്കു കണ്ണു ആകുന്നു. [മത്തായി 6:22]
ഞാൻ നിന്റെ മേൽ ദൃഷ്ടി വെച്ചു നിന്നെ ഉപദേശിക്കാം [സങ്കീ. 32:8]

കാത്:- നിന്റെ ചെവി എങ്കലേക്കു ചായിച്ചു എന്നെ വേഗം വിടുവിക്കേണമേ. [സങ്കീർത്തനം 31:2]
അവന്റെ ചെവി അവരുടെ നിലവിളിക്കു തുറന്നിരിക്കുന്നു. [സങ്കീ: 34:15]

കവിൾ:- എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു. ദുഷ്ടനോടു എതിർക്കരുത്. നിന്റെ വലത്തെ ചെകിട്ടത്തു അടിക്കുന്നവന്നു മറ്റേതും തിരിച്ചു കാണിക്ക. [മത്തായി 5:39].

നാവ്:- എന്റെ നാവ് നിന്റെ നീതിയെയും നാളെല്ലാം നിന്റെ സ്തുതിയെയും വർണ്ണിക്കും. [സങ്കീ. 35:28]
നിന്റെ കല്പനകൾ ഒക്കെയും നീതിയായിരിക്കയാൽ എന്റെ നാവു നിന്റെ വാഗ്ദാനത്തെക്കുറിച്ചു പാടട്ടെ. [സങ്കീ. 119:172]

# അഗാപെ കൈയ്യെഴുത്തു മാസിക

ചുണ്ട്:- കർത്താവേ, എന്റെ നാവിന് ..., ..., കടിഞ്ഞാണിടണമേ, എന്റെ അധരകവാടത്തിന് ... കാവലേർപ്പെടുത്തണമേ [സങ്കീ: 141:3]

അധരം:- എന്റെ അധരങ്ങൾ സദാ അങ്ങയെ സ്തുതിക്കുന്നു [സങ്കീ 71:8]

പല്ല്:- നീ ദുഷ്ടന്മാരുടെ പല്ലു തകർത്തു കളഞ്ഞു. [സങ്കീ 3:7]

തല:- എന്റെ തലയെ എണ്ണകൊണ്ട് അഭിഷേകം ചെയ്യുന്നു [സങ്കീ 23:5]

തോള്:- നമുക്ക് ഒരു പുത്രൻ ജനിച്ചിരിക്കുന്നു, ആധിപത്യം അവന്റെ തോളിലായിരിക്കും. [യെശയ്യാവ് 9:6]


ഹൃദയം:- നിന്റെ ചട്ടങ്ങളെ ഇടവിടാതെ എന്നേക്കും അനുസരിപ്പാൻ ഞാൻ എന്റെ ഹൃദയത്തെ ചായിച്ചിരിക്കുന്നു [സങ്കീ 119:112]

ഉള്ളംകൈ:- ഇതാ, ഞാൻ നിന്നെ എന്റെ ഉള്ളം കൈയിൽ വരച്ചിരിക്കുന്നു. [യെശയ്യാവ് 49:16]

കൈ:- എന്റെ കൈ എന്നും അവനോടുകൂടെയുണ്ടായിരിക്കും: എന്റെ ഭുജം അവനു ശക്തി നല്കും. [സങ്കീ 89:21]

വിരൽ:- അങ്ങയുടെ വിരലുകൾ വാർത്തെടുത്ത വാനിടത്തെയും അവിടുന്ന് സ്ഥാപിച്ച ചന്ദ്രതാരങ്ങളെയും ഞാൻ കാണുന്നു [സങ്കീ 8:3]
നിന്റെ വിരൽ ഇവിടെ കൊണ്ടുവരിക; എന്റെ കൈകൾ കാണുക. നിന്റെ കൈ നീട്ടി എന്റെ പാർശ്വത്തിൽ വെക്കുക. അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക. [യോഹ 20:27]

പാദം:- അങ്ങയുടെ വചനം എന്റെ പാദത്തിനു വിളക്കും പാതയിൽ പ്രകാശവുമാണ്. [സങ്കീ 119:105]



അഗാപെ കൈയ്യെഴുത്തു മാസിക
Only Crucified Believers
Can Defeat the Enemy and
Claim the Inheritance
Gal 2:20
OLD SONG
www.agapemagazine.com

ഞാനെന്നേശുവിലാശ്രയിക്കും
എന്റെ ജീവിത നാൾകളെല്ലാം
അവനെന്നുമിന്നും എനിക്കെല്ലാമല്ലേ
തന്നെ ഞാനെന്നെന്നും സ്തുതിക്കും. . . .

1. സ്തുതികൾക്കവൻ യോഗ്യനല്ലോ
മഹത്വത്തിനും പുകഴ്ചയ്ക്കുമേ
സർവ്വ ഭൂനിവാസികൾക്കു വണങ്ങാ-
നുള്ളോരേക നാമം അവന്റേ . . . (ഞാനെൻ)


2. തന്നിലാശ്രയിക്കുന്നവർക്കും
തന്നെ ശരണമാക്കുന്നവർക്കും
അവൻ കോട്ടയും പരിചയും ഇനിയെന്നെന്നും . . (ഞാനെൻ)

3. എന്നെ കൈവിടുകില്ലവൻ
ഒരുനാളും ഉപേക്ഷിക്കില്ല.
ഇനി ഞാനൊന്നു വാടിപ്പോയാലും
എന്നിൽ തൻ ദയ മാറുകില്ല. . . . (ഞാനെൻ)

4. അഖിലത്തിനും ഉടയവൻ
സർവ്വ ശക്തനും അധികാരിയും
അവനത്ഭുത മന്ത്രിയും വീരനാം ദൈവവും
നിത്യ പിതാവുമല്ലേ. . . . (ഞാനെൻ)

5. അറിഞ്ഞീടുന്ന ഈ ദൈവമെന്നെ
അന്ത്യത്തോളവും വഴി നടത്തും
എന്റെ ഭാരങ്ങളൊക്കെയും താൻ വഹിക്കും
എന്ന വാഗ്ദത്തം തന്നിട്ടുണ്ട് . . . (ഞാനെൻ)

6. നിത്യ വാത്സല്യം ഒരുക്കി
അവൻ തേജസിൽ വെളിപ്പെടുമേ
തന്നെ എതിരേൽക്കുവാൻ, ഞാനൊരുങ്ങി നിൽക്കും
അതു വേഗത്തിൽ നിറവേറുമേ. . . . (ഞാനെൻ)



# അഗാപെ കൈയ്യെഴുത്തു മാസിക

# QUIZ

Email id: agape.magasine@gmail.com

## ചോദ്യാവലി

1. തോട്ടം നനെപ്പാൻ ഒരു നദി ഏദെനിൽ നിന്നു പുറപ്പെട്ടു; അതു അവിടെ നിന്നു നാലു ശാഖയായി പിരിഞ്ഞു. ഈ നാലു നദികളുടെ പേരുകൾ?

2. ബൈബിളിലെ ഏറ്റവും നടുവിലെ വാക്യം ഏത്?

3. വിശ്വാസ സ്നാനം ഏൽക്കുന്നത് ആരോട് ചേരുവാനാണ്?

ഉത്തരങ്ങൾ അയക്കേണ്ട വിലാസം agape.magasine@gmail.com.

കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ:-

1. 'കൊർബ്ബാൻ' എന്ന വാക്കിന്റെ അർത്ഥം?
   ഉത്തരം:- വഴിപാട്. [മർക്കൊസ് 7:11]
2. ബൈബിളിലെ ഏറ്റവും ചെറിയ വാക്യം?
   ഉത്തരം:- പുറപ്പാട് 20:15.
3. ബൈബിളിലെ ആകെ അദ്ധ്യായങ്ങൾ എത്ര?
   ഉത്തരം: 1189